

തുഞ്ചത്തെഴുത്തച്ഛൻ

മലയാളസർവകലാശാല

# ആദ്യ ചുവടുകൾ

ചാൻസലർ




**ശ്രീ. നിഖിൽ കുമാർ**
ബഹു. കേരള ഗവർണർ

പ്രോ ചാൻസലർ



**ശ്രീ പി.കെ. അബ്ദു റബ്ബ്**
ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി



# ആദ്യ ചുവടുകൾ

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2013 നവംബർ ഒന്നിന് ഒരു വർഷം പൂർത്തിയാക്കുന്നു. പന്ത്രണ്ടു മാസങ്ങൾക്കുള്ളിൽ ഇടക്കാലമന്ദിരം പൂർത്തിയാക്കി അഞ്ച് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കാനായി. അദ്ധ്യാപക നിയമനം പൂർത്തിയാക്കാനായി. മികച്ച ഒരു ലൈബ്രറി സജ്ജീകരിക്കാനായി.

ആദ്യ വർഷത്തെ പ്രവർത്തനങ്ങളുടെയും പ്രധാന നേട്ടങ്ങളുടെയും വസ്തുനിഷ്ഠമായ ഒരവലോകനമാണ് ഈ പ്രസിദ്ധീകരണം.

അക്കാദമിക് മികവിന്റെ കാര്യത്തിൽ ഉയർന്ന ലക്ഷ്യമാണ് സർവകലാശാലയ്ക്കുള്ളത്. ഒരു പുതിയ ഭരണസംസ്കാരവും അവകാശപ്പെടാനാവണം. വിദ്യാർത്ഥികളുടെ തൊഴിൽക്ഷമത ഉറപ്പുവരുത്തണം. ചൈതന്യഭരിതമായ കാമ്പസ് ജീവിതമുണ്ടാകണം.

മലയാളത്തെക്കുറിച്ചുള്ള ആശങ്കകൾ തഴച്ച ഒരു സന്ദർഭത്തിലാണ് സർവകലാശാല സ്ഥാപിതമായത്. ക്ലാസ്സുമുറികൾക്ക് പുറത്തുള്ള ഉത്തരവാദിത്തത്തെക്കുറിച്ച് തികഞ്ഞ ബോദ്ധ്യമുണ്ട്.

ആദ്യ കാൽവയ്പുകൾ നേരായ ദിശയിലാണെന്ന വിശ്വാസത്തോടെ, വലിയ യാത്ര തുടങ്ങുകയാണ്. ഏവരുടേയും അനുഗ്രഹങ്ങൾ ഉണ്ടാകുമെന്ന പ്രതീക്ഷയോടെ.

കെ. ജയകുമാർ
വൈസ് ചാൻസലർ











# മലയാള സർവകലാശാല പിറക്കുന്നു

തിരൂരിലെ തുഞ്ചൻപറമ്പിൽ വൻ ജനാവലിയുടെ സാന്നിദ്ധ്യത്തിൽ ബഹു: മുഖ്യമന്ത്രി **ശ്രീ ഉമ്മൻചാണ്ടി** ഭദ്രദീപം കൊളുത്തിയതോടെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിലവിൽ വന്നു.

## 2012 നവംബർ 1

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഓർഡിനൻസ് അന്നുമുതൽ പ്രാബല്യത്തിൽ വന്നു. മന്ത്രിമാരും, ജനപ്രതിനിധികളും, പൗരമുഖ്യരും, എഴുത്തുകാരും ചരിത്രമുഹൂർത്തത്തിന് സാക്ഷികളായി. എഴുത്തച്ഛൻ പുരസ്കാര ജേതാക്കളായ **ശ്രീ എം.ടി. വാസുദേവൻ നായർ, ശ്രീ ടി. പത്മനാഭൻ** എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




# സർവകലാശാലയ്ക്കൊരു കാര്യാലയം





2012 ഡിസംബർ മാസത്തോടെ തിരൂർ, പൂക്കയിൽ -ഉണ്ണ്യാൽ റോഡിൽ ഒരു സ്വകാര്യ കെട്ടിടത്തിൽ വിരലിലെണ്ണാവുന്ന ജീവനക്കാരുമായി **സർവകലാശാലയുടെ കാര്യാലയം** പ്രവർത്തനം ആരംഭിച്ചു.



# ഉപദേശകസമിതി നിലവിൽ വന്നു

നിർവാഹക സമിതിയും പൊതുസഭയും നിലവിൽ വരുന്നതുവരെ സർവകലാശാലയുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകാനായി പ്രമുഖരടങ്ങിയ ഒരു ഉപദേശക സമിതി രൂപീകരിച്ചു.

ശ്രീ എം.ടി. വാസുദേവൻ നായർ
പ്രൊഫ. ഒ.എൻ.വി. കുറുപ്പ്
ഡോ. എം. ലീലാവതി
പ്രൊഫ. എം.ജി.എസ്. നാരായണൻ
ശ്രീ കാവാലം നാരായണപ്പണിക്കർ
ശ്രീ. സി. രാധാകൃഷ്ണൻ
ഡോ. പുതുശ്ശേരി രാമചന്ദ്രൻ
പ്രൊഫ. പന്മന രാമചന്ദ്രൻ നായർ
പ്രൊഫ. കാട്ടൂർ നാരായണപിള്ള
ഡോ. എം. ആർ. രാഘവവാര്യർ
ഡോ. എം. എം. ബഷീർ
പ്രൊഫ. എം.എൻ. കാരശ്ശേരി
ശ്രീ ടി. മാധവമേനോൻ
ഡോ. കെ. ഓമനക്കുട്ടി
ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
ഡോ. ഡി. ബഞ്ചമിൻ
ഡോ. സ്കറിയാ സക്കറിയ
ഡോ. സി.ജി. രാജേന്ദ്രബാബു
ഡോ. ജോർജ് ഓണക്കൂർ
ഡോ. എം.ജി. ശശിഭൂഷൺ
പ്രൊഫ. തുമ്പമൺ തോമസ്
ഡോ. എം. ഗംഗാധരൻ
ശ്രീ മാടവന ബാലകൃഷ്ണപിള്ള
പ്രൊഫ. സി.ജി. രാമചന്ദ്രൻ നായർ
എന്നിവരാണ് ഉപദേശക സമിതിയിലെ അംഗങ്ങൾ.

തിരുവനന്തപുരത്തും കോഴിക്കോടുമായി ഉപദേശക സമിതി മൂന്നുതവണ യോഗം ചേർന്നു. പുതിയ കോഴ്സുകൾ, സമീപനങ്ങൾ, പ്രോജക്ടുകൾ എന്നിവയെക്കുറിച്ചെല്ലാം ഉപദേശക സമിതി വ്യക്തമായ നിർദ്ദേശങ്ങൾ നൽകി.



# നിർവാഹക സമിതിയും പൊതുസഭയും

2013 മാർച്ച് മാസത്തിൽ കേരള നിയമസഭ ഏകകണ്ഠമായി തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം പാസാക്കി. നിർവാഹകസമിതിയും പൊതുസഭയും രൂപീകരിച്ചു.

**നിർവാഹകസമിതി:**
ഉന്നത വിദ്യാഭ്യാസ സെക്രട്ടറി
ധനകാര്യ വകുപ്പ് സെക്രട്ടറി
സാംസ്കാരിക വകുപ്പു സെക്രട്ടറി

**പൊതുസഭ:**
ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ എം.പി.
ശ്രീ സി. മമ്മൂട്ടി എം.എൽ.എ.
ഡോ. വി. സോമസുന്ദരൻ ഐ.എ.എസ്
ഡോ. കെ.എം. എബ്രഹാം ഐ.എ.എസ്
ശ്രീ സാജൻപീറ്റർ (ഏപ്രിൽ 2013 വരെ)
ശ്രീ വി.പി. ജോയ് (ആഗസ്റ്റ് 2013 വരെ)
ശ്രീമതി റാണി ജോർജ്ജ് ഐ.എ.എസ്
ഡോ. എം.ജി.എസ്. നാരായണൻ
ശ്രീ. എം.എർ. തമ്പാൻ
ശ്രീ. തലേക്കുന്നിൽ ബഷീർ
ശ്രീ പ്രിയദർശൻ
ശ്രീ പെരുമ്പടവം ശ്രീധരൻ
ശ്രീ സൂര്യ കൃഷ്ണമൂർത്തി
ശ്രീ പി. എൻ. സുരേഷ്
പ്രൊഫ. മുഹമ്മദ് അഹമ്മദ്
ശ്രീ കെ. എ. ഫ്രാൻസിസ്

നിർവാഹക സമിതി ഏഴുതവണ യോഗം ചേർന്നു. പൊതുസഭ നാലുതവണയും.

# ആദ്യവർഷത്തെ കോഴ്സുകൾ

മൂന്ന് ഫാക്കൽറ്റികൾക്ക് കീഴിലായി

**ഭാഷാശാസ്ത്രം**
**സാഹിത്യപഠനം**
**സാഹിത്യരചന**
**പൈതൃക-സംസ്കാരപഠനം**
**മാധ്യമപഠനം**

എന്നീ അഞ്ച് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കണമെന്ന് തീരുമാനിച്ചു.

കൂടാതെ തൊഴിൽ സാധ്യതയുള്ള ഡിപ്ലോമാ കോഴ്സുകൾ സമാന്തരമായി ലഭ്യമാക്കണമെന്നും തീരുമാനിച്ചു.

# പഠന ബോർഡുകൾ

അഞ്ച് കോഴ്സുകളുടെ പാഠ്യ പദ്ധതി തയ്യാറാക്കാനായി പ്രഗത്ഭരടങ്ങുന്ന പഠനബോർഡുകൾ രൂപീകരിച്ചു. മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ വിവിധ യോഗങ്ങൾ ചേർന്നു പാഠ്യപദ്ധതികൾക്ക് അന്തിമരൂപം നൽകി.

## ഭാഷാവിജ്ഞാനം

ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ
ഡോ. ഇ.വി.എൻ. നമ്പൂതിരി
ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
ഡോ. ആർ.ആർ. തമ്പുരാൻ
ഡോ. വി. ശ്യാമള
ഡോ. റോസ് മേരി
ഡോ. ജി.കെ. പണിക്കർ
ഡോ. ഹാനിബാബു
ഡോ. എൻ. ഗോപിനാഥൻ നായർ
പ്രൊഫ. എം. ശ്രീനാഥൻ



## സാഹിത്യപഠനം



പ്രൊഫ. തോമസ് മാത്യു
പ്രൊഫ. എസ്.കെ. വസന്തൻ
ഡോ. ഡി. ബഞ്ചമിൻ
ഡോ. പി.എം. വിജയപ്പൻ
ഡോ. സി.ജി. രാജേന്ദ്രബാബു
ഡോ. സി.ആർ പ്രസാദ്
ഡോ. ബി.വി. ശശികുമാർ
പ്രൊഫ. അനിൽ വള്ളത്തോൾ
ഡോ. എം.എം. ഉണ്ണികൃഷ്ണൻ
പ്രൊഫ. കെ.എസ്. രവികുമാർ
ഡോ. സർദാർകുട്ടി

## സാഹിത്യരചന

പ്രൊഫ. കെ. സച്ചിദാനന്ദൻ
ഡോ. ദേശമംഗലം രാമകൃഷ്ണൻ
പ്രൊഫ. കെ.ജി. ശങ്കരപ്പിള്ള
ഡോ. എൻ. കൃഷ്ണൻ നമ്പൂതിരി
ഡോ. ജമീല ബീഗം
ശ്രീ. എം. മുകുന്ദൻ
ശ്രീ. സി. രാധാകൃഷ്ണൻ
ശ്രീമതി. സുഗതകുമാരി
ശ്രീ. എൻ.വി.പി. ഉണിത്തിരി



## പൈതൃക – സംസ്കാരപഠനം



പ്രൊഫ. രാഘവൻ പയ്യനാട്
പ്രൊഫ. ഓമനക്കുട്ടി
ഡോ. ഇ.കെ. ഗോവിന്ദവർമരാജ
ഡോ. പി. വേണുഗോപാൽ
ശ്രീ. മാർഗ്ഗി മധു
ഡോ. എ.എം. ശ്രീധരൻ
കലാമണ്ഡലം ക്ഷേമാവതി
ശ്രീ. വിജയകുമാർ മേനോൻ
ശ്രീ. മൂസാക്കുട്ടി
പ്രൊഫ. ജോർജ്ജ് മേനാച്ചേരി
ഡോ. കെ.എം. ജോർജ്ജ്
ഡോ. എം.ജി. ശശിഭൂഷൺ

## മാധ്യമപഠനം

ശ്രീ. മാടവന ബാലകൃഷ്ണപിള്ള
ഡോ. ജി. രവീന്ദ്രൻ
ഡോ. കെ.ജെ. ജോസഫ്
ശ്രീ. സി.പി. രാജശേഖരൻ
ഡോ. എൻ. മുഹമ്മദ് അലി
ശ്രീ. മധു ഇറവങ്കര
ഡോ. സുചേതാനായർ
പ്രൊഫ. കെ.വി. നാഗരാജൻ
ഡോ. ശിവപ്രസാദ്
ഡോ. സെയ്യദ് അംജദ് അഹമ്മദ്
ഡോ. വി.എസ്. ശശിഭൂഷൺ നായർ



# അക്കാദമിക് കൗൺസിൽ



വിവിധ പഠനബോർഡുകൾ രൂപീകരിച്ച് പാഠ്യപദ്ധതികൾക്ക് അക്കാദമിക് കൗൺസിലിന്റെ അംഗീകാരം നേടി. പ്രഗത്ഭരായ അംഗങ്ങൾ ഉൾക്കൊള്ളുന്ന അക്കാദമിക് കൗൺസിൽ ഓഗസ്റ്റ് മാസത്തിൽ നിലവിൽ വന്നു.

**അക്കാദമിക് കൗൺസിൽ അംഗങ്ങൾ**
ഡോ. സ്കറിയാ സക്കറിയ
ഡോ. എം. ലീലാവതി
പ്രൊഫ. എം.ജി.എസ്. നാരായണൻ
ശ്രീ. ചാത്തനാത്ത് അച്യുതനുണ്ണി
ഡോ. എം. ആർ. രാഘവവാര്യർ
ഡോ. എം. എം. ബഷീർ
പ്രൊഫ. എം.കെ. സാനു
പ്രൊഫ. എം. അച്യുതൻ
പ്രൊഫ. എം.ആർ. ചന്ദ്രശേഖരൻ
പ്രൊഫ. കെ.പി. ശങ്കരൻ
ശ്രീ കെ. കുഞ്ഞികൃഷ്ണൻ
ശ്രീ വി.കെ. നാരായണൻ
ശ്രീ ബി.ആർ.പി. ഭാസ്കർ
ഡോ. ആർ. ഗോപിനാഥൻ നായർ
ഡോ. രാധാകൃഷ്ണൻ മല്ലശ്ശേരി



# ഇടക്കാല ആസ്ഥാന മന്ദിരം



വാക്കാട് തുഞ്ചൻ മെമ്മോറിയൽ ഗവൺമെന്റ് കോളേജിനോടു ചേർന്ന അഞ്ചേക്കർ ഭൂമി സർവകലാശാലയുടെ ഇടക്കാല ആസ്ഥാന മന്ദിരം പണിയാനായി സർക്കാർ അനുവദിച്ചു.

ഇവിടെ ആദ്യവർഷ ക്ലാസ്സുകൾ ആരംഭിക്കാൻ വേണ്ടി 12,000 ചതുരശ്ര അടി വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കാൻ ഹിന്ദുസ്ഥാൻ പ്രീഫാബ് എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനത്തെ ഏല്പിച്ചു. 2013 ഏപ്രിൽ 5 ന് ബഹു: വിദ്യാഭ്യാസമന്ത്രി ശിലാസ്ഥാപനം നിർവ്വഹിച്ചു. 100 ദിവസം കൊണ്ട് പൂർത്തിയാക്കിയ കെട്ടിടം ജൂലൈ 20 ന് ബഹു: മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.



# അക്ഷരം കാമ്പസ്



"അക്ഷരം' എന്ന് നാമകരണം ചെയ്തിരിക്കുന്ന ഇടക്കാല കാമ്പസിൽ തയ്യാറായ കെട്ടിടത്തിൽ ചിങ്ങം, കന്നി, തുലാം, വൃശ്ചികം, ധനു എന്ന പേരിലുള്ള 5 ക്ലാസ്സ് മുറികൾ, ഒരു ലൈബ്രറി, അദ്ധ്യാപകർക്കിരിക്കാനുള്ള ഇടം, സെമിനാർ ഹാൾ, വൈസ്ചാൻസലർ, രജിസ്ട്രാർ എന്നിവരുടെ ഓഫീസ് എന്നിവ ഒരുക്കിയിരിക്കുന്നു. ആധുനിക സൗകര്യങ്ങൾ, മെച്ചപ്പെട്ട ഫർണിച്ചർ എന്നിവ ലഭ്യമാണിവിടെ. നടുമുറ്റവും വരാന്തയും പ്രദർശനങ്ങൾക്കും കലാപരിപാടികൾക്കും മറ്റും ഉപയോഗിക്കാനും സാധിക്കും.



ഡോ. എം. ശ്രീനാഥൻ
പ്രൊഫസർ
ഭാഷാശാസ്ത്രം



ഡോ. കെ.എം. ഭരതൻ
അസോഷിയേറ്റ് പ്രൊഫസർ
പൈതൃക – സംസ്കാര പഠനം



ഡോ. ദേശമംഗലം രാമകൃഷ്ണൻ
വിസിറ്റിംഗ് പ്രൊഫസർ
സാഹിത്യരചന – സാഹിത്യപഠനം

## ഭാഷാശാസ്ത്ര വിഭാഗം



ഡോ. സ്മിത. കെ.



ഡോ. എം. സന്തോഷ്



ശ്രീമതി. പി. രശ്മി

## സാഹിത്യപഠനം



ഡോ. ഇ. രാധാകൃഷ്ണൻ



ഡോ. മുഹമ്മദ് റാഫി



ഡോ. റോഷ്നി സ്വപ്ന

## സാഹിത്യരചന



ശ്രീ അൻവർ എ.



ഡോ. അശോക് എ ഡിക്രൂസ്



ഡോ. സി. ഗണേഷ്

## പൈതൃക – സംസ്കാര പഠനം



ശ്രീ. കെ.വി. ശശി



ഡോ.ജി. സജിന



ഡോ. സതീഷ്. പി

## മാധ്യമപഠനം



ഡോ. ലാൽ മോഹൻ. പി



ശ്രീമതി. കെ.എസ്. രാഗിണി.



ഡോ. രാജീവ് മോഹൻ

# അദ്ധ്യാപക നിയമനം

3 പ്രൊഫസർ, 4 അസോഷ്യേറ്റ് പ്രൊഫസർ, 15 അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകൾക്ക് സർക്കാർ അനുമതി നൽകി. യു.ജി.സി മാർഗ്ഗരേഖകൾക്കനുസൃതമായി രൂപീകരിച്ച അദ്ധ്യാപക നിയമന-സേവന ചട്ടങ്ങളും സർക്കാർ അംഗീകരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, വിദഗ്ദ്ധരടങ്ങുന്ന ഇന്റർവ്യൂ ബോർഡുകൾ രൂപീകരിച്ച് അഭിമുഖം നടത്തി സംവരണ തത്വങ്ങൾ പാലിച്ച് അദ്ധ്യാപക നിയമന പ്രക്രിയ പൂർത്തിയാക്കി.

പതിനേഴ് അദ്ധ്യാപകർ ഇപ്പോൾ ജോലിയിൽ പ്രവേശിച്ചു കഴിഞ്ഞു.

സാഹിത്യപഠനം-സാഹിത്യരചന വിഭാഗം വിസിറ്റിംഗ് പ്രൊഫസറായി ഡോ. ദേശമംഗലം രാമകൃഷ്ണനെ നിയമിച്ചു. അദ്ദേഹം ചുമതലയേറ്റു.

# വിദ്യാർത്ഥി പ്രവേശനം



എം.എ. ഭാഷാശാസ്ത്രം



എം.എ. പൈതൃക-സംസ്കാരപഠനം



എം.എ. സാഹിത്യപഠനം



എം.എ. സാഹിത്യ രചന



എം.സി.ജെ

20 വിദ്യാർത്ഥികൾക്കാണ് ഒരു കോഴ്സിൽ പരമാവധി പ്രവേശനം. തൃശൂരിൽ വച്ച് അഭിരുചിപ്പരീക്ഷ നടത്തി. അഞ്ഞൂറിലേറെ വിദ്യാർത്ഥികൾ പങ്കെടുത്തു. സംവരണ തത്വങ്ങൾ പാലിച്ച് പ്രവേശന പരീക്ഷയിലെയും യോഗ്യതാ പരീക്ഷയിലെയും മാർക്കുകളുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥി പ്രവേശനം പൂർത്തിയാക്കി. 100 കുട്ടികളും സർവകലാശാലയിലെ ആദ്യവർഷ കോഴ്സുകൾക്ക് ചേർന്നുകഴിഞ്ഞു.

എല്ലാ വിദ്യാർത്ഥികൾക്കും മെഡിക്കൽ ഇൻഷൂറൻസ് പരിരക്ഷ നൽകി.



# ലൈബ്രറി





ആഗസ്റ്റ് മാസത്തിൽ ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ തന്നെ മെച്ചപ്പെട്ട ഒരു ലൈബ്രറിയും നിലവിൽ വന്നു. ഇതിനായി ജൂൺ മാസത്തിൽ തിരൂരിൽ ഒരു പുസ്തകോത്സവം സംഘടിപ്പിച്ചു. പഠനബോർഡ് അംഗങ്ങളുടെ നേതൃത്വത്തിൽ ആറായിരത്തിലേറെ പുസ്തകങ്ങൾ തെരഞ്ഞെടുത്തു. ആധുനിക രീതിയിൽ പുസ്തകങ്ങളുടെ കാറ്റലോഗ് തയ്യാറാക്കി, ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ തന്നെ ലൈബ്രറി പ്രവർത്തനക്ഷമമാക്കാൻ സാധിച്ചു. മാസംതോറും ഓരോ പ്രസാധകനെ ക്ഷണിച്ചു പുസ്തകപ്രദർശനം നടത്തി കൂടുതൽ പുസ്തകങ്ങൾ വാങ്ങിക്കേണ്ടിയിരിക്കുന്നു. ഡിജിറ്റൽ പുസ്തകങ്ങളും ഉടനെ ലഭ്യമാകും.

# പെൺകുട്ടികൾക്ക് ഹോസ്റ്റൽ




വാടകക്കെട്ടിടത്തിൽ ഉചിതമായ സൗകര്യങ്ങളോടെ പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ പ്രവർത്തിച്ചുതുടങ്ങി.










# മറ്റ് പരിപാടികൾ

ക്ലാസ്സുകൾ നടത്തുകയെന്നതിനോടൊപ്പം മറ്റ് സാഹിത്യസംബന്ധിയായ പ്രവർത്തനങ്ങളും സർവകലാശാല ഈ കാലയളവിൽ ഏറ്റെടുത്തു.

എസ്.കെ. പൊറ്റെക്കാട്ടിന്റെ ജന്മശതാബ്ദി വിപുലമായി ആഘോഷിച്ചു. ശ്രീ എം.ടി. വാസുദേവൻനായർ തുഞ്ചൻപറമ്പിൽ വച്ച് ജന്മശതാബ്ദി പരിപാടികൾ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് വച്ച് സഞ്ചാരസാഹിത്യത്തെപ്പറ്റിയും, കണ്ണൂരിൽ വച്ച് പൊറ്റെക്കാട്ടിന്റെ കഥാസാഹിത്യത്തെപ്പറ്റിയും, തൃശൂരിൽ വച്ച് നോവൽ സാഹിത്യത്തെപ്പറ്റിയും പ്രഗത്ഭർ പങ്കെടുത്ത സെമിനാറുകൾ നടത്തി.

എ.ആർ. രാജരാജവർമയുടെ 150-ാം ജന്മവാർഷികം സമുചിതമായി ആഗസ്റ്റ് 28 ന് തിരുവനന്തപുരത്ത് വച്ച് നടത്തി. പ്രൊഫ. ഒ.എൻ.വി. കുറുപ്പ് ഉദ്ഘാടനം ചെയ്തു. ഡോ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. പന്മന രാമചന്ദ്രൻ നായർ എന്നിവരും പങ്കെടുത്തു.











# എഴുത്തോല

മാർച്ച് മാസം മുതൽ മലയാളസർവകലാശാല 'എഴുത്തോല' എന്ന വാർത്താപത്രിക പ്രസിദ്ധീകരിച്ചു വരുന്നു. സർവകലാശാലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ യഥാസമയം അഭ്യുദയകാംക്ഷികളെ അറിയിക്കുന്നതിന് എഴുത്തോല ഏറെ സഹായിക്കുന്നു.

# സന്ദർശകർ, അതിഥി അദ്ധ്യാപകർ




ജർമ്മനിയിലെ ട്യൂബിൻഗെൻ സർവകലാശാലയിലെ ഇൻഡോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. ഹൈകെ മോസർ മലയാള സർവകലാശാലയിലെത്തി വിദ്യാർത്ഥികളുമായി സംവദിച്ചു.

പ്രൊഫ. കെ.പി.ശങ്കരൻ, പ്രൊഫ. എസ്.കെ.വസന്തൻ, ഡോ. എം. എം. ബഷീർ, പ്രൊഫ. കൽപ്പറ്റ നാരായണൻ എന്നിവർ അതിഥികളായി വന്ന് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നു.

# വരും നാളുകളിൽ...

- നവംബർ മാസത്തോടെ ഡിപ്ലോമാ കോഴ്സുകൾ ആരംഭിക്കുന്നു.
- നാലു പ്രോജക്ടുകൾ ആരംഭിക്കുന്നു.
- വിദ്യാർത്ഥികളുടെ സാംസ്ക്കാരിക യാത്ര ഡിസംബറിൽ.
- ഓരോ മാസവും കാമ്പസിൽ ഒരു സെമിനാർ, ഒരു അതിഥി, ഒരു കലാപരിപാടി.
- സർവകലാശാല ജേർണൽ പ്രസിദ്ധീകരണം ഏപ്രിൽ മുതൽ.
- ഓൺലൈൻ കോഴ്സ്.
- പരിഭാഷയ്ക്കൊരു പ്രത്യേക പ്രോജക്ട്.
- കമ്പ്യൂട്ടർ മലയാളത്തിനൊരു കേന്ദ്രം.
- പ്രസിദ്ധീകരണ വിഭാഗം

# സർവകലാശാലയുടെ അണിയറ പ്രവർത്തകർ



**പി. ജയരാജൻ**
ലൈബ്രറി ഉപദേഷ്ടാവ്



**പി.ബി. ലൽക്കാർ**
എഡിറ്റോറിയൽ കൺസൾട്ടന്റ്



**കെ.വി. ഉമർ ഫാറൂഖ്**
രജിസ്ട്രാർ ഇൻ ചാർജ്



**എൻ. മോഹന നാഥ ബാബു**
ലിയാസോൺ ഓഫീസർ



**കെ. രത്നകുമാർ**
അക്കൗണ്ട്സ് ഓഫീസർ



**എം. ടി. ലീജീഷ്**



**എം. സിറാജുദ്ദീൻ**



**ബി. ദീപ**



**അരുൺ എം. ബാബു**

**കാര്യാലയം**



പ്രമീള　പ്രസന്ന　ജീജ

**ലൈബ്രറി**



രാജേഷ്, ഷെറിനാസ്, ജാബിർ, അനീഷ, ദിലീപ്



തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**


കാര്യാലയം : പൂക്കയിൽ പി.ഒ., തിരൂർ, മലപ്പുറം - 676 107
കാമ്പസ് : വാക്കാട്, തിരൂർ, മലപ്പുറം ജില്ല
ഫോൺ : 0494 2422422
ഇ-മെയിൽ: malayalasarvakalasala@gmail.com

www.malayalamuniversity.edu.in